**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5028** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ അമിനിറ്റി സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചിരിക്കുന്ന അമിനിറ്റി സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | **കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള അമിനിറ്റി സെന്ററുകളുടെ നടത്തിപ്പിനുള്ള കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ 2023ൽ പുതിയ ടെൻഡർ ക്ഷണിച്ച് ലൈസൻസികളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ ലൈസൻസികളുടെ ചുമതലയിൽ അമിനിറ്റി സെന്ററുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.** |
| (ബി) | നെടുമുടി, മൂന്നാട്ടിൻമുഖം, കൈനകരി, പുല്ലങ്ങടി തുടങ്ങിയ പ്രദേശങ്ങളിലെ അമിനിറ്റി സെന്ററുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഇവിടങ്ങളിൽ ബിയർ പാർലറുകളും റെസ്റ്റോറന്റുകളും ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **നെടുമുടി, പുല്ലങ്ങാടി, കോതറത്തോട് അമിനിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കാൻ പുതിയ ലൈസൻസികളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ അമിനിറ്റി സെന്ററുകളുടെ പ്രവർത്തനത്തിനുള്ള തുടർനടപടികൾ ലൈസൻസികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | കൈനകരി മീനപ്പള്ളി വട്ടക്കായലിലെ ടെർമിനലും അനുബന്ധ കെട്ടിടങ്ങളും ടൂറിസം വകുപ്പ് നേരിട്ടോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമോ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | **ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായ കൈനകരി മീനപ്പള്ളി വട്ടക്കായലിലെ ടെർമിനലും അനുബന്ധ കെട്ടിടങ്ങളും 2018ലെയും 2019ലെയും പ്രളയത്തിൽ ഭാഗികമായി നശിച്ചിരുന്നു. ഇവ പുതുക്കിയ ശേഷം അനുയോജ്യരായ ഏജൻസികളെ കണ്ടെത്തി, നടത്തിപ്പിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനു പുറമെ വട്ടക്കായൽ കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് ഉൾപ്പെടെയുള്ള സാഹസിക ടൂറിസത്തിന് ആലപ്പുഴ ഡി. ടി. പി. സി. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. മേയ് മാസത്തോടെ ഈ പദ്ധതി ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ